ഉത്തരം

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവജനങ്ങൾക്ക് വെജിറ്റബിൾ ഗ്രോബാഗ് വിതരണത്തിന് പദ്ധതി രൂപീകരിച്ചിട്ടില്ല.

(ബി &സി) ബാധകമല്ല.

വർദ്ധിച്ചുവരുന്ന മദ്യ, മയക്കുമരുന്ന് ഉപയോഗം കുറയ്ക്കാൻ നടപടി

217 (4803) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഹൗസിംഗ് ബോർഡുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ വർദ്ധിച്ചുവരുന്ന മദ്യ, മയക്കുമരുന്ന് ഉപയോഗം കണക്കിലെടുത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് യൂത്ത് കമ്മീഷന്റെ ആഭിമുഖ്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത കമ്മീഷന്റെ ഇടപെടൽ കാരണം മദ്യ,മയക്കുമരുന്ന് ഉപയോഗം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) യുവാക്കളുടേയും വിദ്യാർത്ഥികളുടേയും ഇടയിൽ വർദ്ധിച്ച് വരുന്ന മദ്യം, മയക്കുമരുന്ന് ഉപയോഗം കണക്കിലെടുത്ത് കേരള സംസ്ഥാന യുവജനകമ്മീഷൻ സംസ്ഥാനത്തെ വിവിധ ജില്ലകളിലെ കോളേജുകൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ പട്ടികജാതി/ പട്ടികവർഗ്ഗ സങ്കേതങ്ങളിലും ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ യുവാക്കളായ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി ബോധവത്കരണ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുണ്ട്. മേൽ പദ്ധതികൾ നടപ്പുവർഷവും സംസ്ഥാനത്ത് എല്ലാ ജില്ലകളിലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, യുവജന ക്ലബുകൾ എന്നീ തലങ്ങളിൽകൂടി കൂടുതൽ ഫലപ്രദമായി നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്തെ കോളേജുകളിലെ വിദ്യാർത്ഥികളുടേയും യുവാക്കളുടേയും ഇടയിലെ ലഹരി ഉപയോഗം കമ്മീഷൻ നടത്തുന്ന വിവിധ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ കുറച്ച് കൊണ്ടുവരാൻ കഴിയുന്നുണ്ട് എന്ന് പോലീസ്, എക്സൈസ് വകുപ്പുകളുടെ റിപ്പോർട്ടുകളിൽ വ്യക്തമാണ്.

(നക്ഷത്രചിഹ്നമിടാത്ത 4773, 4778, 4795, 4796 എന്നീ നമ്പർ ചോദ്യങ്ങളുടെ

ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly